കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത്
**2018-19**
# ഓഡിറ്റ് റിപ്പോർട്ട്

## ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ
**e-mail: dotsr.ksad@kerala.gov.in**

(രജിസ്റ്റർ  ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ (ബി.പി 2)960/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ – 680 020
e-mail.id :dotsr.ksad@kerala.gov.in
ഫോൺ: 0487 2331249
തീയതി :02.08.2019

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത്
സർ,

വിഷയം : ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഖണ്ഡികകളിലേയ്ക്കും, ഭാഗം 3 ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1(2) എന്നിവ കാണുക)

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, തൃശൂർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(ബി.പി 2)960/19 തിയ്യതി:02.08.2019

തൃശ്ശൂർ ജില്ലയിലെ ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19
സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം – വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

തൃശ്ശൂർ ജില്ലയിലെ ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് 1.4.2018 മുതൽ 13.6.19 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2018-19 സാമ്പത്തിക വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സി.രാജഗോപാലൻ, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.6.2019 മുതൽ 29.6.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി ഷീന കെ.ടി, ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സിജു.പി.ഡാംസൺ, അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.സുമിത ടി.എസ് അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ജോയ്സൻ സി.ജെ, ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കെ.കെ.ഷീജു | 01.04.2018 മുതൽ 31.3.2019 വരെ |
| സെക്രട്ടറി | ശ്രീ.എൻ.പി.ചന്ദ്രൻ | 01.04.2018 മുതൽ 05.05.2018 വരെ |

| | | |
|---|---|---|
| | ശ്രീ.ഉണ്ണി.പി.ടി (സെക്രട്ടറി ഇൻ ചാർജ്) | 5.5.2018മുതൽ 20.8.18 വരെ |
| | ശ്രീ. നിഫി.എസ്.ഹക്ക് | 21.8.18 മുതൽ 31.12.18വരെ |
| | ശ്രീ.അരുൺരാജ്.പി.എൻ. | 1.1.2019മുതലൽ 25.2.2019 വരെ |
| | ശ്രീ. ഉണ്ണി.പി.ടി. (സെക്രട്ടറി ഇൻ ചാർജ്) | 26.2.2019മുതൽ31.3.2019 വരെ |
| **<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>** | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീമതി.എൽസി അഗസ്റ്റിൻ | 1.4.2018 മുതൽ 31.03.2019വരെ |
| പട്ടികജാതി വികസനഓഫീസർ | ശ്രീ. ഷാബു.ടി.ആർ | 1.4.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീമതി.ബീന.വി | 1.4.2018 മുതൽ 12.6.2018വരെ |
| | ശ്രീമതി.ഷൈനി.സി.വി | 12.6.2018മുതൽ 19.9.2018വരെ |
| | ശ്രീ.ജോജി പോൾ | 19.9.2018 മുതൽ 30.11.2018വരെ |
| | ശ്രീമതി. ഷൈനി.സി.വി | 1.12.2018 മുതൽ 31.3.2019വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ഷാജു.യു.വി | 1.4.2018 മുതൽ 31.3.2019 വരെ |
| സൂപ്രണ്ട്, സി.എച്ച്.സി, എലിഞ്ഞിപ്ര | ഡോ.ഷാലിൻ പി. ജോസഫ് | 01.4.2018 മുതൽ 12.7.2018 വരെ |
| | ഡോ. രാജേഷ്.വി.പി | 13.7.2018 മുതൽ 9.8.2018വരെ |
| | ഡോ.സോബി ജോർജ് | 10.8.2018 മുതൽ 31.3.2019 വരെ |
| ശിശു വികസന പദ്ധതി ഓഫീസർ | ശ്രീമതി. ലതികമോൾ തോമസ് | 01.04.2018 മുതൽ 2.07.2018 വരെ |
| | ശ്രീമതി . സൗമ്യ വർഗീസ് | 3/72018മുതൽ31.3.2019വരെ |
| ശിശു വികസന പദ്ധതി ഓഫീസർ അഡീഷണൽ | ജുമൈലാബീവി.ഒ. | 1.4.2018മുതൽ2.7.2018വരെ |
| | ലീന പി ജോസഫ് | 2.7.2018 മുതൽ 10.7.2018വരെ |
| | അംബിക.കെ.കെ | 10.7.2018മുതൽ 31.3.2019വരെ |
| ബ്ലോക്ക് ക്ഷീരവികസന ഓഫീസർ | ശ്രീ.സെബിൻ.പി.എഫ് | 01.04.2018മുതൽ 31.03.2019 വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീ.അഭിലാഷ് വർമ്മ.പി.ഐ | 1.4.2018 മുതൽ 1.8.2018വരെ |
| | മിനി. പി.ആർ (ചാർജ്) | 1.8.2018 മുതൽ 1.10.2018വരെ |
| | ശ്രീപതി നമ്പൂതിരിപ്പാട് | 1.10.2018 മുതൽ 17.12.2018വരെ |
| | ശ്രീ.അഭിലാഷ് വർമ | 17.12.2018മുതൽ 31.3.2019വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | വിവിധ ഫണ്ടുകളുടെ വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-7 |
| 8 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 9 | വാർഷിക കണക്ക് അപാകതകൾ | 1-9 |
| | ഭാഗം 2 | |
| 10 | ബ്ലോക്ക് പഞ്ചായത്തിന്റെ വാടകമുറികൾ ഒഴിഞ്ഞു കിടക്കുന്നു | 2-1 |
| 11 | കാന്റീനിന്റെ വാടക കരാർ പുതുക്കിയപ്പോൾ ചട്ടപ്രകാരമുള്ള വർദ്ധനവ് വാടകയിൽ വരുത്തിയില്ല | 2-2 |
| 12 | ബൈലോപ്രകാരമുള്ള വാടക വർദ്ധനവ് വാടകയിൽ വരുത്തുന്നില്ല | 2-3 |
| 13 | ബൈലോപ്രകാരമുള്ള പിഴപ്പലിശ ഇൗടാക്കുന്നില്ല | 2-4 |
| | വാടക മുറികളുടെ കുടിശ്ശിക സമയബന്ധിതമായി ഇൗടാക്കേണ്ടതാണ് | 2-5 |
| | ഭാഗം 3 | |
| 14 | നിയമാനുസൃതമല്ലാതെ വാടക കുടിശ്ശിക 44,555 രൂപ എഴുതി തള്ളിയത് തടസ്സപ്പെടുത്തുന്നു | 3-1 |
| 15 | അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്റ്റുകൾ – കൈപ്പറ്റ് രസീറ്റ്/വിനിയോഗ സാക്ഷ്യപത്രം/കരാർ എന്നിവ ഹാജരാക്കിയില്ല - 19,50,000രൂപ തടസ്സപ്പെടുത്തുന്നു. | 3-2 |
| 16 | അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് പി.ആർ.രാജൻ സ്മാരക കമ്മ്യൂണിറ്റി ഹാൾ – ഫർണ്ണിച്ചർ വാങ്ങൽ – ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ് | 3-3 |
| 17 | സീറോ വേസ്റ്റ് ബ്ളോക്ക് പഞ്ചായത്ത് – ക്യാന്റീൻ വേസ്റ്റ് ട്രീറ്റ്മെന്റ് പ്ളാന്റ് – കരാർ കാലയളവ് കഴിഞ്ഞിട്ടും പദ്ധതി പൂർത്തീകരിച്ചിട്ടില്ല | 3-4 |

| | | |
|---|---|---|
| 18 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 3-5 |
| 19 | ബ്ളോക്ക് പ്ഞ്ചായത്ത് കൈമാറിയ തുക വിനിയോഗിച്ചിട്ടില്ല | 3-6 |
| 20 | മരുന്ന് /ഉപകരണങ്ങൾ വാങ്ങൽ – ലഭ്യമായതിന്റെ രേഖകൾ ഇല്ല | 3-7 |
| 21 | കൊരട്ടി തിരുമുടിക്കുന്ന് വനിത ഉൽപ്പന്ന വിതരണ സംഭരണ കേന്ദ്രത്തിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ – ഫർണ്ണിച്ചർ ഉപയോഗയോഗ്യമാക്കിയിട്ടില്ല | 3-8 |
| 22 | സി എച്ച് സിയിലേക്ക് കമ്പ്യൂട്ടറുകൾ വാങ്ങൽ – ടെണ്ടർ നടപടി ക്രമം പാലിച്ചിട്ടില്ല | 3-9 |
| 23 | ലൈഫ് മിഷന് വിഹിതം നൽകൽ – വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 3-10 |
| 24 | ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 3-11 |
| 25 | പട്ടികജാതി വികസന ഓഫീസർ – എസ് സി വിദ്യാർത്ഥികൾക്ക് പഠന മുറി – പണി പൂർത്തീകരിച്ചിട്ടില്ല | 3-12 |
| 26 | ബ്ളോക്ക് തല സമഗ്ര അജൈവമാലിന്യസംസ്കരണ പദ്ധതി – കൊരട്ടി പഞ്ചായത്തുമായി കരാർ വയ്ക്കേണ്ടതാണ് | 3-13 |
| 27 | പാറയം എസ് സി ഇൻഫർമേഷൻ സെന്റർ പ്രവർത്തനസജ്ജമാക്കേണ്ടതാണ് | 3-14 |
| 28 | സംയുക്ത പദ്ധതി വിഹിതം ബാലൻസ് തുക തിരിച്ചടക്കേണ്ടതാണ് | 3-15 |
| 29 | നാപ്കിൻ ഇൻസിനറേറ്ററുകൾ സ്ഥാപിച്ച് പ്രവർത്തനസജ്ജമാക്കേണ്ടതാണ് | 3-16 |
| 30 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുക വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് | 3-17 |
| 31 | അഗതിരഹിത കേരളം – ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം കൈമാറൽ – വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് | 3-18 |
| 32 | ഉറവ് – ബ്ളോക്ക് തല സമഗ്രനീർത്തടവികസന മാസ്റ്റർ പ്ലാൻ – കരാർകാലാവധി കഴിഞ്ഞിട്ടും പ്ലാൻ തയ്യാറാക്കി നൽകിയില്ല | 3-19 |
| 33 | ആർട്കോ വാങ്ങൽ സംബന്ധിച്ച് സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 3-20 |

| | | |
|---|---|---|
| 34 | ലൈഫ് മിഷൻ – പിഎംഎവൈ വീടുകൾ – വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 3-21 |
| 35 | അസംസ്കൃത വസ്തുക്കൾ വാങ്ങിയതിന്റെ ബില്ലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 3-22 |
| 35 | തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിൽ ഉള്ള കെട്ടിടത്തിന് വസ്തു നികുതി അടവാക്കി | 3-23 |
| ഭാഗം 4 | | |
| 36 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 37 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 39 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 40 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 41 | ഓഡിറ്റ് റിക്കവറി | 4-6 |
| 42 | സമാഹൃതറിപ്പോർട്ടിലേക്ക് ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 43 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 44 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 45 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം 1 |
| 46 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം 2 |

# ഭാഗം -1

# പൊതു അവലോകനം

# പൊതു അവലോകനം

## 1-1 ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയതിയതി | 8.2.2019 | |
| കമ്മിറ്റി തീരുമാനം | 2 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 202072981 | 188597257 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.7.2018 | 27.5.2019 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് | സർട്ടിഫിക്കറ്റ് |
|---|---|---|

| | കണക്കുകൾ പരിശോധിച്ച തീയതി | നമ്പർ/തീയതി |
|---|---|---|
| 2018-19 | 24.6.2019 & 25.6.2019 | TSR/BP2/960/19, തീയതി:02.08.19 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 16328542.38 |
| വരവ് | 77236015 |
| ആകെ | 93564557.38 |
| ചെലവ് | 79399681 |
| നീക്കിയിരിപ്പ് | 14164876.38 |

## 1-5 വിവിധ ഫണ്ടുകളുടെ വിനിയോഗം

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | - | 48835000 | 48835000 | 41809121 | 7025879 | |
| വികസനഫണ്ട് – എസ് സിപി | - | 14883000 | 14883000 | 10828630 | 4054370 | |
| ടി എസ് പി | - | 1898000 | 1898000 | 547000 | 1351000 | |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | - | 5782000 | 5782000 | 4135950 | 1646050 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | | | | |
| സാക്ഷരത | 6598 | 234 | 6832 | 0 | 6832 | |
| എംജി എൻആർഇജി എസ് -ഇൻസെന്റീവ് | 22422 | 864 | 23286 | 0 | 23286 | |
| എംജിഎൻആർഇജിഎസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 5175 | 681948 | 687123 | 682337 | 4786 | |
| കേന്ദ്രാവിഷ്കൃതഫണ്ടുകൾ-ടിഎസ് സി | 1155342 | 40774 | 1196116 | 50917 | 1145199 | |
| എം പി ഫണ്ട് | 3523.50 | 143 | 3666.50 | 0 | 3666.50 | |
| സംസ്ഥാനാവിഷ്കൃതഫണ്ട് | | | | | | |
| SIG forSHG | 820 | 28 | 848 | | | |
| IAY state share | 89980 | 3295 | 93275 | 8309 | 84966 | |
| IAY administrative Fund | 2316 | 82 | 2398 | – | 2398 | |
| IAY SBI | 6362522 | 10507046 | 16869568 | 13431433 | 3438135 | |
| MELLENEOUS | 346227.50 | 18781 | 365008.90 | 27500 | 337508.90 | |
| കാനറാ ബാങ്ക് | 986679 | 1886912 | 2873591 | 392472 | 2481119 | |
| ട്രഷറി STSB | 6550591 | 5170028 | 11720619 | 8394761 | 3325858 | |
| JVSTSB | 755000 | 4367631 | 5122631 | 1785695 | 3336936 | |

## 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 139 | 102951232 | 85 | 59075027 | 47 | 7 | 61.15% |

## 1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 26/11/2018 | 2017.18 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറൽ | 18.03.14 മുതൽ 24.03.14 വരെ | 2011-12 മുതൽ 2012-13 വരെ | 12.05.2014 |

## 1-8 ആഭ്യന്തര നിയന്ത്രണം

വാർഷികകണക്കുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ട് എങ്കിലും, വാടക രജിസ്റ്റർ ഓരോ വർഷത്തെയും മുൻബാക്കി ക്യാരി ഓവർ ചെയ്ത് കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. ബ്ളോക്ക് പഞ്ചായത്ത് ഫ്രണ്ട് ഓഫീസ് പണി പൂർത്തിയാക്കിയുട്ടുണ്ടെങ്കിലും, ഉദ്ഘാടനം കഴിഞ്ഞ് പ്രവർത്തനസജ്ജമായിട്ടില്ല. പദ്ധതികൾ സംബന്ധിച്ച് കൃത്യമായ അവലോകനം, പദ്ധതി നടത്തിപ്പ്, പുരോഗതി എന്നിവ ബ്ളോക്ക് പഞ്ചായത്ത് മീറ്റിംഗിൽ അവലോകനം ചെയ്യുന്നതായി കാണുന്നില്ല.

## 1-9 വാർഷികകണക്കിലെ അപാകതകൾ

ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1).വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 201, ചട്ടം 62 (എഫ്))

2).ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും, വരുമാനമായി ക്രമീകരിച്ച തുകകൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന സാക്ഷ്യപ്പെടുത്തിയ വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ക്രമ നമ്പർ | ശീർഷകം | ഇനം | തുക |
|---|---|---|---|
| 1. | 27200000 | Depreciation | 84,45,996 |
| 2. | 280200101 | Prior period income-Rent from Building | 44,555 |
| 3. | 280200401 | Prior period income-Other | 64 |

| | | | |
|---|---|---|---|
| | | incomes | |
| 4 | 280800601 | Prior period – Revenue grants and contribution | (40,650) |

എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്.

2.1) ഇതിൽ 44,555 രൂപ വാടക കുടിശ്ശിക ലഭിക്കാനുള്ളത് എഴുതി കളഞ്ഞതാണ്. (ഖണ്ഡിക 3-1 കൂടി കാണുക)

3).ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-18 പ്രകാരം "loans,Advances and Deposits"എന്ന ശീർഷകത്തിൽ 14,53,300രൂപ ബാക്കി ഉണ്ട്. അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും ഓരോ മുൻകൂറും ക്രമീകരിച്ചിതിന്റെ വിവരങ്ങൾ, ക്രമീകരിച്ചിട്ടില്ലെങ്കിൽ വർഷാവാസാന ബാക്കി എന്നിവ രേഖപ്പെടുത്തി വാർഷിക സംക്ഷിപ്തം തയ്യാറാക്കി വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല. ആയതിനാൽ വാർഷികകണക്കിലെ തുകകളുടെ കൃത്യത ഓഡിറ്റിൽ ഉറപ്പ് വരുത്താനായിട്ടില്ല.

3.1) അഡ്വാൻസ് രജിസ്റ്റർ പ്രകാരം 2018-19 ൽ ആകെ മുൻകൂർ നല്കിയിരിക്കുന്നതു് ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ജീവനക്കാരുടെ ശമ്പളം തനത് ഫണ്ടിൽ നിന്ന് നൽകുന്നതിനാണ്. രണ്ട് ജീവനക്കാരുടെ ശമ്പളം (25000+18500) 43,500 X 12 = 5,22,000 രൂപ ഇപ്രകാരം മുൻകൂർ നല്കിയിട്ടുള്ളത് മാത്രമാണ് മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. കേരള വാട്ടർ അതോറിറ്റിക്ക് വൗച്ചർ നമ്പർ 41800054, 41800055 തീ.31/3/2019 പ്രകാരം 12,00,000 രൂപ മുൻകൂർ നല്കിയിട്ടുള്ളതും 31/3/2019ൽ ഈ പണിപൂർത്തീകരിച്ചിട്ടില്ലാത്തതും ബാലൻസ്ഷീറ്റിൽ ഷെഡ്യൂൾ B-18ൽ തീർപ്പാക്കാനുള്ള മുൻകൂറായി ചേർത്തിട്ടുള്ളതുമാണ്. എന്നാൽ അഡ്വാൻസ് രജിസ്റ്ററിൽ ഈ മുൻകൂർ നല്കിയതിന്റെ വിവരങ്ങൾ ഇല്ല.

4). ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്. ഉദാഹരണത്തിന് ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-11 പ്രകാരം "410800101-Other fixed asset" എന്ന ശീർഷകത്തിൽ 31/3/2019 ൽ 3710645 രൂപയുടെ ആസ്തികൾ ഉള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഇവ ഏതെല്ലാം ആസ്തികളാണെന്ന് പരിശോധിക്കാവുന്ന രീതിയിൽ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ഇല്ല.

5). ബ്ലോക്ക് പഞ്ചായത്തിന്റെ ബാലൻസ്ഷീറ്റിൽ റോഡ് ആസ്തിയായി രേഖപ്പെടുത്തിയിരിക്കുന്ന അക്കൗണ്ട് ശീർഷകങ്ങളുടെ ലെഡ്ജർ പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ശീർഷകം | റോഡ് ആസ്തിയുടെ 1/4/2018ലെ മൂല്യം | തൻവർഷം പണി കഴിച്ചത് | ബാലൻസ്ഷീറ്റ് പ്രകാരം 31/3/2019ലെ മൂല്യം | 2018-19ല് റോഡിന് ഡിപ്രിയിസേഷൻ രേഖപ്പെടുത്തിയത് (Roads and Bridges) | ബാലൻസ് ഷീറ്റ് പ്രകാരം 31/3/2019 വരെയുള്ള Accumalated Depreication (Roads and Bridges) |
|---|---|---|---|---|---|
| 410300102-Roads-tarred | 2,43,74,228 | 31,35,846 | 2,75,10,014 | 56,48,156(റോഡുകളുടെ മാത്രം തുക ലഭ്യമല്ല) | 2,63,06,967 (റോഡുകളുടെ മാത്രം തുക ലഭ്യമല്ല) |
| 410300103-Roads Metal | 92,10,645 | -- | 92,10,645 | | |

സ്ഥാപനത്തിന്റെ ബാലൻസ്ഷീറ്റിൽ ആസ്തിയായി രേഖപ്പെടുത്തിയിരിക്കുന്ന റോഡുകൾ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ളവയാണ്. ആയതിനാൽ ഇവ രേഖാമൂലം ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ മുറക്ക് ബ്ലോക്ക്പഞ്ചായത്തിന്റെ റവന്യുചെലവായി രേഖപ്പെടുത്തണമായിരുന്നു.ആസ്തിയായി രേഖപ്പെടുത്തേണ്ടതില്ലാത്തതാകുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി അല്ലാത്തതിനാൽ ഇവക്ക് തേയ്മാനചെലവ് കണക്കാക്കി, ബ്ലോക്ക് പഞ്ചായത്തിന്റെ ചെലവായി Depreication രേഖപ്പെടുത്തേണ്ടതില്ലാത്തതുമാകുന്നു. സ്ഥാപനത്തിന്റെ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടും ബാലൻസ്ഷീറ്റും മേൽ പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

i)ബാലൻസ്ഷീറ്റിൽ പരാമർശിച്ചിരിക്കുന്ന റോഡുകളുടെ ഉടമസ്ഥാവകാശം പരിശോധിച്ച് ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥാവകാശത്തിൽ വരാത്ത എല്ലാ റോഡുകളുടെയും മൂല്യം 2019-20 സാമ്പത്തികവർഷത്തിൽ "Roads metal, Roads tarred ." എന്നശീർഷകത്തിലേക്ക് Credit ചെയ്ത് ഒഴിവാക്കേണ്ടതാണ്. ഗ്രാന്റ് ഉപയോഗിച്ച് പൂർത്തീകരിച്ചിരിക്കുന്ന മേൽ റോഡുകളുടെ മൂല്യം "Capital contribution" എന്ന ശീർഷകത്തിലേക്കും തനത് ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിച്ചിരുക്കുന്ന റോഡുകളുടെ മൂല്യം "Prior period items...." എന്ന ശീർഷകത്തിലേക്കും ഓപ്പണിംഗ് ബാലൻസ്ഷീറ്റ് തയ്യാറാക്കിയ സമയത്ത് ഉൾക്കൊള്ളിച്ച റോഡുകളുടെ മൂല്യം "Panchayat fund" എന്ന ശീർഷകത്തിലേക്കും Debit ചെയ്യേണ്ടതാണ്. മേൽ പ്രകാരം അപാകത പരിഹരിക്കേണ്ടതാണ്.

ii) 31/3/2019 വരെ ഈയിനത്തിൽ റോഡുകളുടെ മൂല്യത്തിന്റെ ഡിപ്രിയിസേഷനായി കണക്കാക്കിയതും "Accumalated Depreciation" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്നതുമായ തുക 2019-20 വർഷത്തിൽ ഈ ശീർഷകത്തിൽ Debit ഉം "Prior period items.." എന്ന ശീർഷകത്തിൽ Credit ഉം നൽകി ഒഴിവാക്കി വാർഷികകണക്ക് കൃത്യമാക്കേണ്ടതാണ്.

6).വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള രേഖപ്പെടുത്തലുകളും (തൻവർഷം+കുടിശ്ശിക) വാർഷിക ധനകാര്യപത്രികയിലെ വിവിധ പത്രികകളിലെ ബന്ധപ്പെട്ട രേഖപ്പെടുത്തലുകളും പൊരുത്തപ്പെടുന്നില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പ്രത്യേകം തയ്യാറാക്കുന്നില്ല. തൻവർഷ ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് എന്നിവ രേഖപ്പെടുത്തിയ, സാക്ഷ്യപ്പെടുത്തിയ പ്രിന്റ് ഔട്ട് ആണ് രജിസ്റ്റർ ആയി ഓഡിറ്റിന് ഹാജരാക്കിയിരിക്കുന്നത്.

| ക്രമ നം. | | ഡി സി ബി പത്രിക പ്രകാരം | വാർഷിക കണക്ക് പ്രകാരം | | വ്യത്യാസം |
|---|---|---|---|---|---|
| 1. | ഡിമാന്റ്(തൻവർഷം) | 11,96,192 | 11,97,242 | I&E ,I-3 | +1,050 |
| 2. | ഡിമാന്റ് (കുടിശ്ശിക) | 4,68,800 | 5,52,680 | 2017-18- BS B-15 | +83,880 |
| 3. | ആകെ(1+2) | 16,64,992 | 17,49,922 | | +84,930 |
| 4. | കളക്ഷൻ (തൻവർഷം+കുടിശ്ശിക) | 11,36,517 | 7,03,450 | R&P-RP 43 | -4,33,067 |
| 5. | ഇളവ് അനുവദിക്കൽ/സെക്യൂരിറ്റി ഡെപ്പോസിറ്റ് ക്രമീകരിക്കൽ | ---- | 4,66,500 | LEDGER 2018-19 | +4,66,500 |
| 6. | എഴുതി തള്ളൽ | | 44,555 | LEDGER+I&E,I-18 | +44,555 |
| 7. | ആകെ(4+5+6) | 11,36,517 | 12,14,505 | | +77,988 |
| 8. | ബാക്കി(തൻവർഷം+കുടിശ്ശിക) (7-8) | 416475* (* യഥാർത്ഥത്തിൽ 5,28,475 രൂപയാണ് വരേണ്ടത്) | 5,35,417 | BS, B-15 | +6942 |

വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുത്തേണ്ടതാണ്. സ്ഥാപനതലത്തിൽ ആഭ്യന്തരനിയന്ത്രണത്തിന്റെ ഭാഗമായി, കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ ചട്ടം 58(2)(g) പ്രകാരം നിർദ്ദേശിച്ച രീതിയിൽ, ലെഡ്ജറുകളും ഡിസിബി രജിസ്റ്ററും പ്രതിമാസ പൊരുത്തപ്പെടുത്തലുകൾ നടത്തുന്നില്ല. ആയതിനാലാണ് ഇപ്രകാരം വ്യത്യാസം ശ്രദ്ധയിൽപ്പെടാതെ പോയത്.

7).2018-19 ൽ അസസ്സ് ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന കുറിപ്പിന്റെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 17(2)). ആയതിനാൽ ഡിമാന്റ് ഉത്ഭവിക്കുന്ന മാസം തന്നെ വാടകയിനത്തിലുള്ള വരുമാനം ലഭിക്കാനുള്ള അക്രൂവൽ എൻട്രി കണക്കിൽ രേഖപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ 12 കെട്ടിടങ്ങളിൽ നിന്നുള്ള വാടകയിനത്തിലുള്ള ഒരു വർഷത്തെ ആകെ ഡിമാന്റ് തുക സാമ്പത്തിക വർഷാവസാനം 31/3/2019 ൽ ഒറ്റ എൻട്രിയായി രേഖപ്പെടുത്തിയിരിക്കുന്നു (വൗച്ചർ 41800053). ഇപ്രകാരം ചെയ്യുന്നതിനാൽ പ്രതിമാസ ഡിമാന്റ് തുക പിരിവിന്റെ പുരോഗതി, ബാക്കി എന്നിവ പ്രതിമാസ കണക്കുകളിൽ പ്രതിഫലിക്കാതെ പോകുകയും അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംഗ് സമ്പ്രദായം പിന്തുടരുന്നതിന്റ പ്രസക്തി നഷ്ടപ്പെടുകയും ചെയ്യുന്നു.

8).വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

8.1) ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net increase in cash and cash equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 21,63,666 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2018-19 കാലയളവിൽ "Net cash generated by Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 3,09,828രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

9). ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃ വിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/19 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31/3/19 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃ വിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമനമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൌണ്ട് | തുക |
| 1 | 320100199 | Centrally sponsered scheme-grants and contribution for specific purpose -central gov | 9463 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. | | |
| 2 | 320800101 | Beneficiary contribution | 23,674 | | | |

9.1) താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് ഷെഡ്യൂൾ പ്രകാരം ബി -17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി – 4 ൽ കാണുന്നില്ല.

| ക്രമ നമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | 31/3/2019ലെ ബാക്കി തുക |
|---|---|---|---|
| 1 | 450410105 | Bank of Baroda-Miscellaneous | 337508.50 |
| 2 | 450610105 | Canara bank SHG | 848 |
| 3 | 450610106 | IAY state sponsered fund(BOB) | 84,966 |
| 4 | 450610107 | IAY Administration UBI | 2398 |

പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ സ്ഥാപനത്തിന്റെ ബാധ്യത ശീർഷകത്തിലുൾപ്പെടുത്തേണ്ടതിനാൽ ഇത് പരിശോധിച്ച് B-4 Grants and Contribution for specific purposes എന്ന ഷെഡ്യൂളിൽ ഉൾപ്പെടുത്തക്കരീതിയിൽ അനുയോജ്യമായ ബാധ്യത ശീർഷകത്തിലുൾപ്പെടുത്തേണ്ടതാണ്. 2019-20 വർഷത്തിൽ ഈ തുക "Panchayath fund/Prior period items "ലേക്ക് Debit നൽകി കൊണ്ടും അനുയോജ്യമായ ബാധ്യത ശീർഷകത്തിലേക്ക് Credit നല്കി കൊണ്ടും ഇവ B-4 ൽ ഉൾപ്പെടുത്താവുന്നതാണ്.

9.2) ബാലൻസ് ഷീറ്റ് B-9 Other liablities എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന “3503001099-Government and other dues payable-Refund of unutilized grant of prior period” എന്ന ശീർഷകത്തിൽ 31/3/2019 ൽ 17,7480 രൂപ ബാക്കി ഉണ്ട്. എന്നാൽ ഇത് ജില്ലാ പഞ്ചായത്ത് "അക്ഷയ കമ്പ്യൂട്ടർ സാക്ഷരത പ്രോജക്റ്റ്" നടപ്പാക്കിയതിൽ അവശേഷിക്കുന്ന തുക ബ്ലോക്ക് പഞ്ചായത്തിന് 13/3/2014 ൽ നൽകിയതാണ്. പ്രോജക്റ്റിന് നൽകിയ ബ്ലോക്ക് വിഹിതം ചെലവഴിക്കാത്തത് തിരികെ ലഭിച്ചതാണോയെന്ന് പരിശോധിക്കേണ്ടതും ആയത് തനത് ഫണ്ടിലുൾപ്പെടുത്തി നൽകിയതാണെങ്കിൽ തനത് ഫണ്ട് സൂക്ഷിക്കുന്ന ട്രഷറി അക്കൌണ്ടിലേക്കും അല്ലാത്തപക്ഷം സ.ഉ 177/06 ഫിൻ തീ 12/4/2006 ഉത്തരവ് ഖണ്ഡിക 10.3 പ്രകാരം അതാത് ശീർഷകത്തിൽ സഞ്ചിതനിധിയിലേക്ക് തിരിച്ചടക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി 11തീ 28/6/2019)

## ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബ്ലോക്ക് പഞ്ചായത്തിന്റെ വാടക മുറികൾ ഒഴിഞ്ഞു കിടക്കുന്നു

ബ്ലോക്ക് പഞ്ചായത്തിന്റെ താഴെ പറയുന്ന വാടകമുറികളിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തിൽ വരുമാനമൊന്നും ലഭിച്ചതായി കാണുന്നില്ല

1.വനിതാ വ്യവസായ കേന്ദ്രം, കൂവക്കാട്ടുക്കുന്ന്

2.എസ്.സി വനിതാ വ്യവസായ കേന്ദ്രം

3.ന്യൂ സ്റ്റാർ ലെതർ ബാഗ് മാർക്കറ്റിങ്ങ് യൂണിറ്റ് പ്രവർത്തിച്ചു വന്നിരുന്ന പരിയാരത്തുള്ള കെട്ടിടം

4.ഇക്കോഷോപ്പ്

ഇതുമായി ബന്ധപ്പെട്ട് ഒാഡിറ്റ് എൻക്വയറി (8/26/6/2019)നൽകി,മറുപടിയിൽ ക്രമ നം 1 ഒഴികെ മറ്റുള്ളവ 2018-19 സാമ്പത്തിക വർഷത്തിൽ വാടകയ്ക്ക് നൽകിയിട്ടില്ലായെന്നാണ് മറുപടി നൽകിയത്.വനിതാ വ്യവസായ കേന്ദ്രം,കൂവക്കാട്ടുക്കുന്നിലെ (ക്രമ നം.1) 2 വാടക മുറികളിൽ ഒന്ന് വാടകയ്ക്ക് നൽകിയെന്നും,രണ്ടാമത്തെ മുറി 2018-19 സാമ്പത്തിക വർഷത്തിൽ വാടകയ്ക്ക് നൽകിയിട്ടില്ലായെന്നുമാണ് മറുപടി നൽകിയത്. എന്നാൽ ഒരു മുറിയുടെ വാടക അടവാക്കിയതിന്റെ

വിവരം വാടക രജിസ്റ്ററിലോ, ഡി.സി.ബി പട്ടികയിലോ കാണുന്നില്ല. ആയതിനാൽ ബ്ലോക്ക് പഞ്ചായത്തിന്റെ മേൽ കെട്ടിടങ്ങൾ എത്രയും വേഗം ലേലം ചെയ്ത് വാടകയ്ക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

## 2-2 കാന്റീനിന്റെ വാടക കരാർ പുതുക്കിയപ്പോൾ ചട്ടപ്രകാരമുള്ള വർദ്ധനവ് വാടകയിൽ വരുത്തിയില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ കാന്റീനിന്റെ വാടക കരാർ 06/10/2018ൽ പുതുക്കി നൽകിയപ്പോൾ വാടകയിൽ ചട്ടപ്രകാരമുള്ള വർദ്ധനവ് (5%)വരുത്തിയില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (8/26.6.2019)നൽകി, മറുപടിയിൽ പ്രളയം കാരണം കച്ചവടം കുറവായതിനാൽ വർദ്ധനവ് വരുത്തിയില്ലായെന്നാണ് മറുപടി നൽകിയത്. എന്നാൽ ഇതു സംബന്ധിച്ച് കമ്മിറ്റി തീരുമാനങ്ങളൊന്നും തന്നെ കാണാൻ സാധിച്ചില്ല. ആയതിനാൽ ചട്ടപ്രകാരം വാടകയിൽ 5% വർദ്ധനവ് വരുത്തി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 ബൈലോപ്രകാരമുള്ള വാടക വർദ്ധനവ് വാടകയിൽ വരുത്തുന്നില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ ബൈലോപ്രകാരം, ബ്ലോക്ക് പഞ്ചായത്തിന് യുക്തമെന്ന് തോന്നുന്ന പക്ഷം അധിക വാടക നിശ്ചയിച്ച് വീണ്ടും മുൻവാടകക്കാരനു തന്നെ ലേലം കൂടാതെ മുറികൾ വാടകയ്ക്ക് നൽകുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് അധികാരമുണ്ടായിരിക്കും. എന്നാൽ അധിക വാടക നിലവിലുള്ള വാടകയുടെ എറ്റവും കുറഞ്ഞ വർദ്ധന 10% ആയിരിക്കും. 2018-19 സാമ്പത്തിക വർഷത്തിൽ മുൻവാടകക്കാർക്കു തന്നെ ലേലം കൂടാതെ മുറികൾ വാടകയ്ക്ക് നൽകിയപ്പോൾ അധിക വാടക നിലവിലുള്ള വാടകയുടെ എറ്റവും കുറഞ്ഞത് 10% ആയിരിക്കുമെന്ന വ്യവസ്ഥ പാലിക്കപ്പെട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (8/26.6.2019)നൽകി, പ്രളയത്തോടനുബന്ധിച്ച് കച്ചവടം മോശമായതിനാൽ 02/03/2019-ാം തിയ്യതിയിലെ 6(3) തീരുമാനപ്രകാരം വർദ്ധനവ് 10% ത്തിൽ നിന്ന് 3% ആയി കുറയ്ക്കുന്നതിന് ബ്ലോക്ക് ഭരണസമിതി തീരുമാനിച്ചിട്ടുണ്ടെന്നാണ് മറുപടി നൽകിയത്. ഈ നടപടിമൂലം വാടകയിനത്തിൽ പഞ്ചായത്തിനു വരവ് തുകയിനത്തിൽ കുറവായിട്ടുണ്ട്.

## 2-4 ബൈലോപ്രകാരമുള്ള പിഴപ്പലിശ ഈടാക്കുന്നില്ല

ബൈലോപ്രകാരം ലേലം കൊണ്ടയാൾ മുറിയുടെ പ്രതിമാസ വാടക അതാതുമാസം 5-ാം തിയ്യതിക്കു മുമ്പ് ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കേണ്ടതാണ്. വാടക യഥാസമയം ഈടാക്കുന്നതിൽ വീഴ്ച വരുത്തിയാൽ നിശ്ചിത തിയ്യതി മുതൽ പണം അടയിക്കുന്ന തിയ്യതി ഉൾപ്പെടെയുള്ള കാലത്തേയ്ക്ക് പ്രതിമാസം 2% നിരക്കിൽ പിഴപലിശയോടെ അടക്കേണ്ടതാണ്. എന്നാൽ ബൈലോയ്ക്ക് വിരുദ്ധമായി വർഷത്തിന് 2% എന്ന നിരക്കിലാണ് പിഴപ്പലിശ ഈടാക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (8/26.6.2019)നൽകി, പ്രതിമാസം 2% എന്ന നിരക്കിലല്ല

പിഴപ്പലിശ ഈടാക്കുന്നതെന്നാണ് മറുപടി നൽകിയത്. ഇതുമൂലം ബ്ലോക്ക് പഞ്ചായത്തിന് പിഴപ്പലിശയിനത്തിൽ നഷ്ടം സംഭവിക്കുന്നുണ്ട്. ആയതിനാൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-5 വാടക മുറികളുടെ കുടിശ്ശിക സമയബന്ധിതമായി ഈടാക്കേണ്ടതാണ്

1.ബ്ലോക്ക് പഞ്ചായത്തിന്റെ വാടകമുറിയുടെ (XXI/417C)കുടിശ്ശിക 35,450/-രൂപ ഉള്ളതായി കാണുന്നു. എന്നാൽ ഡിസിബി പട്ടിക പ്രകാരം മെയ് 2018 പ്രകാരം ഈ മുറിയുടെ കുടിശ്ശിക 0/- ആയാണ് കാണിച്ചിട്ടുള്ളത്. ഈ മുറിയുടെ കുടിശ്ശിക ഈടാക്കിയിട്ടുണ്ടോ എന്നതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (10/28.06.2019) നൽകി, വാടകകുടിശ്ശിക ഈടാക്കിയിട്ടില്ലായെന്നാണ് മറുപടി നൽകിയത്. ആയതിനാൽ വാടകകുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.ജയസൂര്യ കുടുംബശ്രീ എറ്റെടുത്ത് നടത്തുന്ന കാന്റീന് (2018-19 സാമ്പത്തിക വർഷത്തിൽ) വാടക കുടിശ്ശിക ഉള്ളതായി വാടക രജിസ്റ്റർ പരിശോധനയിൽ നിന്നും ബോധ്യപ്പെടുന്നു. എന്നാൽ ഡി.സി.ബി പട്ടികയിൽ വാടക കുടിശ്ശിക കാണുന്നില്ല. ആയത് പരിശോധിക്കേണ്ടതാണ്. വാടക സമയബന്ധിതമായി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3
# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 നിയമാനുസൃതമല്ലാതെ വാടക കുടിശ്ശിക 44,555 രൂപ എഴുതി തള്ളിയത് തടസ്സപ്പെടുത്തുന്നു.

വാടക കുടിശ്ശിക യിനത്തിൽ ലഭിക്കാനുള്ള തുകയിൽ നിന്ന് 44,555 രൂപ "280200101-Prior period income-Rent from Building" എന്ന ശീർഷകത്തിലേക്ക് ചെലവായി എഴുതിതള്ളുകയുണ്ടായി (ജേണൽ വൌച്ചർ നമ്പർ 4180082 തീ 31/3/2019). കേരള പഞ്ചായത്ത് രാജ് (വസൂലാക്കാൻ സാധിക്കാത്ത തുകകൾ എഴുതിതള്ളൽ) ചട്ടങ്ങളിൽ അനുശാസിക്കുന്ന രീതിയിൽ തുക എഴുതിതള്ളുന്നതിന് നടപടി സ്വീകരിക്കാതെയും കൃത്യമായ വൗച്ചറിന്റെ അഭാവത്തിൽ എഴുതി തള്ളിയതിനാലും ഇത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. നിയമാനുസൃത നടപടി സ്വീകരിച്ച്, കൃത്യമായ രേഖകൾ ഹാജരാക്കി എഴുതിതള്ളുന്നതു വരെ 44,555 രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി 11 തീ 28/6/2019)

## 3-2 അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്റ്റുകൾ-കൈപ്പറ്റ് രസീറ്റ്/വിനിയോഗ സാക്ഷ്യപത്രം/കരാർ എന്നിവ ഹാജരാക്കിയില്ല-19,50,000രൂപ തടസ്സപ്പെടുത്തുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്റ്റുകളിൽ താഴെ ചേർത്തിരിക്കുന്ന സംയുക്ത പ്രോജക്റ്റുകൾക്ക് ഗ്രാമപഞ്ചായത്തിന് വിഹിതം നല്കിയ തുകയുടെ കൈപ്പറ്റ് രസീത്, വിനിയോഗ

സാക്ഷ്യപത്രം, കരാർ എന്നിവ ഹാജരാക്കിയിട്ടില്ല.

| ക്ര.ന | പ്രോജക്റ്റ് നമ്പർ | പ്രോജക്റ്റ് | തുക | കൈപ്പറ്റിയ ഗ്രാമ പഞ്ചായത്ത് | ബിൽ നമ്പർ | തീയ്യതി | | കുറിപ്പ് |
|---|---|---|---|---|---|---|---|---|
| 1. | 108 | കളപുരക്കൽ കാട്ടിൽ ലിഫ്റ്റ് ഇറിഗേഷൻ | 8,50,000 | കാടുകുറ്റി | 15 | 28/11/2018 | 8,50,0000 | കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം, കരാർ എന്നിവ ഹാജരാക്കി യിട്ടില്ല. |
| 2. | 109 | തുമ്പൂർമുഴി റോഡ് നിർമാണം വാർഡ് 2 | 6,00,000 | അതിരപ്പിള്ളി | 10 | 3/11/2018 | 4,00,000 | “” |
| | | | | | ചെക്ക് 1976541 | 22/11/2018 | 2,00,0000 | |
| 3. | 107 | മൂക്കിനിച്ചിറ കെട്ടി സംരക്ഷണം -ഗ്രാമപഞ്ചായ ത്തുകൾക്ക് വിഹിതം | 5,00,000 | മേലൂർ | 11 | 3/11/2018 | 5,00,000 | കൈപ്പറ്റ് രസീത്, കരാർ എന്നിവ ഹാജരാക്കി യിട്ടില്ല |
| | | ആകെ | 19,50,000 | | | | | |

സർക്കാർ ഉത്തരവ് 11(കൈ) ത.സ്വ.ഭ.വ തീ 29.01.2018 ഖണ്ഡിക 3.5.4(5)പ്രകാരം സംയുക്ത പ്രോജക്റ്റുകൾക്ക് തുക നൽകുമ്പോൾ കരാർ വക്കേണ്ടതാണ്. തുക കൈപ്പറ്റിയ സ്ഥാപനങ്ങളുടെ കൈപ്പറ്റ് രസീത് ,മേൽ പ്രോജക്റ്റുകളുടെ പൂർത്തീകരണത്തിന് വിധേയമായി വിനിയോഗസാക്ഷ്യപത്രം, എന്നിവ ഹാജരാക്കുന്നതു വരെ ചെലവ് തുക 19,50,000 രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി 17 തീ 29/6/19)

## 3-3 അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് പി.ആർ.രാജൻ സ്മാരക കമ്മ്യൂണിറ്റി ഹാൾ-ഫർണ്ണീച്ചർ വാങ്ങൽ -ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്

പദ്ധതി നമ്പർ -173/19

നിർവ്വഹണ ഉദ്യോഗസ്ഥൻ – ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി

ബിൽ നമ്പർ – 73/29.3.2019- 379600/

മേൽ പദ്ധതിയിൽ അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് പി.ആർ.രാജൻ സ്മാരക കമ്മ്യൂണിറ്റി ഹാളിലേക്ക് ഫർണ്ണീച്ചർ വാങ്ങിയിട്ടുണ്ട്. പ്രസ്തുത കമ്മ്യൂണിറ്റി ഹാൾ ബ്ളോക്ക് പഞ്ചായത്ത് ഗ്രാമ പഞ്ചായത്തിന്റെ അധീനതയിൽ ഉള്ള സ്ഥലത്ത് പണി കഴിപ്പിച്ചിട്ടുള്ളതാണ്. ഫർണ്ണീച്ചർ വാങ്ങിയത് നിലവിൽ ഉപയോഗിക്കുന്നുണ്ടോ എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി (നം.2/26.6.2019) ആദിവാസി കോളനിയിൽ സ്ഥിതി ചെയ്യുന്ന പ്രസ്തുത ഹാളിന്റെ ഷട്ടർ കാട്ടാനകൾ വന്ന് നശിപ്പിച്ചതിനാൽ ഫർണ്ണീച്ചറുകൾ തൊട്ടടുത്തുള്ള മലക്കപ്പാറ കമ്മ്യൂണിറ്റി ഹാളിൽ സൂക്ഷിച്ചിട്ടുള്ളതായി മറുപടി ലഭ്യമാക്കി. ഹാൾ അറ്റകുറ്റപ്പണി നടത്തി കാട്ടാനകൾ

കയറാത്ത വിധത്തിൽ പരിസരം അടച്ച ശേഷം ഫർണ്ണീച്ചറുകൾ ഹാളിലേക്ക് മാറ്റുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ഹാൾ അറ്റകുറ്റപ്പണി നടത്തി ഉപയോഗ യോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

പ്രസ്തുത ഹാൾ ഗ്രാമ പഞ്ചായത്തിന്റേയും ബ്ളോക്ക് പഞ്ചായത്തിന്റേയും ആസ്തിയിൽ ഉൾപ്പെട്ടിട്ടില്ല. ഹാൾ ബ്ളോക്ക് പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തുന്നതിന് 8.2.2019ലെ ബ്ളോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ 5(14) നമ്പർ തീരുമാനമെടുത്തിട്ടുണ്ട്. ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്ന് ആവശ്യമായ തീരുമാനം വാങ്ങി ഹാൾ ആസ്തിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-4 സീറോ വേസ്റ്റ് ബ്ളോക്ക് പഞ്ചായത്ത് -ക്യാന്റീൻ വേസ്റ്റ് ട്രീറ്റ്മെന്റ് പ്ളാന്റ് -കരാർ കാലയളവ് കഴിഞ്ഞിട്ടും പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

പദ്ധതി നമ്പർ -139/19

നിർവ്വഹണ ഉദ്യോഗസ്ഥൻ – ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി

ബിൽ നമ്പർ -12/11.7.2018 - 135800/-രൂ

2017-18 ൽ ആരംഭിച്ച പ്രസ്തുത പദ്ധതി IRTC പാലക്കാടിനെയാണ് ഏൽപ്പിച്ചത്. ശുചിത്വ മിഷന്റെ ഖരമാലിന്യ സംസ്കരണത്തിന്റെ സർവ്വീസ് പ്രൊവൈഡറായ IRTC യെ പ്രസ്തുത പദ്ധതി ഏൽപ്പിച്ചതിലെ അപാകത സംബന്ധിച്ച് 2017-18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-8 ൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. 28.12.2017 ലാണ് ബ്ളോക്ക് പഞ്ചായത്തും IRTC യ്മായി കരാറിൽ ഏർപ്പെട്ടത്. കരാർ പ്രകാരം മൂന്ന് മാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കേണ്ടതായിരുന്നു. 5 ലക്ഷം രൂപ അടങ്കലായി അംഗീകാരം വാങ്ങിയ പദ്ധതിക്കായി 2017-18ൽ 100000/-രൂപയും 2018-19 ൽ 135800 രൂപയും IRTC ക്ക് കൈമാറിയിട്ടും ഓഡിറ്റ് കാലയളവ് വരെ പദ്ധതി പൂർത്തീകരിച്ചിട്ടില്ല. പൂർത്തീകരിച്ച പണികളുടെ പാർട്ട് ബില്ലോ വാല്യുവേഷൻ റിപ്പോർട്ടോ ഫയലിൽ ഇല്ല. കരാർ പരിശോധിച്ചതിൽ പദ്ധതി കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്ത പക്ഷം IRTC ബ്ളോക്ക് പഞ്ചായത്തിന് നൽകേണ്ട നഷ്ടപരിഹാരം സംബന്ധിച്ചോ, പൂർത്തീകരിച്ച പദ്ധതി ആര് വാല്യുവേഷൻ നടത്തണം എന്നത് സംബന്ധിച്ചോ കരാറിൽ യാതൊരു രേഖപ്പെടുത്തലും ഇല്ല. ബ്ളോക്ക് പഞ്ചായത്ത് അസി.എക്സി.എൻജിനീയർ ആണ് പദ്ധതിക്ക് സാങ്കേതികാനുമതി നൽകിയിരിക്കുന്നത്.

IRTCക്ക് നൽകിയ 235800/-രൂപയുടെ വാല്യുവേഷനും കരാർ കാലാവധിക്കുള്ളിൽ പദ്ധതി പൂർത്തീകരിക്കാത്തത് സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിവരവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.(നം.3/26.6.2019) തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-5 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

| പദ്ധതി നമ്പർ | പദ്ധതി | കൈമാറിയ തുക |
|---|---|---|
| 154/19 | വഴിച്ചാൽ LI പൈപ്പ് ലൈൻ സ്ഥാപിക്കൽ കൊരട്ടി പഞ്ചായത്തിന് വിഹിതം നല്കൽ | ബിൽ നമ്പർ- 24/22.10.2018<br>700000/-രൂ |

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ – സിഎച്ച്സി

| പദ്ധതി നമ്പർ | പദ്ധതി | കൈമാറിയ തുക |
|---|---|---|

| | | |
|---|---|---|
| 105/19 | പെയ്ൻ ആന്റ് പാലിയേറ്റീവ് വിഹിതം -ഗ്രാമ പഞ്ചായത്തുകൾക്ക് നൽകൽ<br>1.കാടുകുറ്റി -100000/-<br>2.കോടശ്ശേരി-100000/-<br>3.പരിയാരം-100000/-<br>4.കൊരട്ടി-100000/-<br>5.മേലൂർ-100000/-<br>6.അതിരപ്പിള്ളി-100000/- | ബിൽ നമ്പർ-<br>8/31.10.2018-252000/-<br>12/7.12.2018-200000/-<br>26/21.3.2019-148000/- |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 3-6 ബ്ളോക്ക് പ്ചായത്ത് കൈമാറിയ തുക വിനിയോഗിച്ചിട്ടില്ല

സംയുക്ത പദ്ധതികളുടെ നടത്തിപ്പിനായി ബ്ളോക്ക് പഞ്ചായത്ത് കോടശ്ശേരി പഞ്ചായത്തിന് കൈമാറിയ തുകക്ക് ഹാജരാക്കിയ വിനിയോഗ സാക്ഷ്യപത്ര പ്രകാരം തുക വിനിയോഗിച്ചിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി .

| പദ്ധതി നമ്പർ | പദ്ധതി | കൈമാറിയ തുക |
|---|---|---|
| 151/19 | സെറാഫിക് കുന്ന് കുടിവെള്ള പദ്ധതി – കോടശ്ശേരി ഗ്രാമ പഞ്ചായത്തിന് വിഹിതം നല്കൽ | ബിൽ നമ്പർ-28/30.10.2018<br>230000/-രൂ |
| 153/19 | 5 കുടിവെള്ള കിണറുകൾ-കോടശ്ശേരി ഗ്രാമ പഞ്ചായത്തിന് വിഹിതം നല്കൽ | ബിൽ നമ്പർ-29/30.10.2018<br>200000/- |

തുക വിനിയോഗിക്കാത്തതിനാൽ തുക സർക്കാരിലേക്ക് തിരിച്ചടവാക്കുന്നതിന് നിർദ്ദേശം നൽകേണ്ടതാണ് .

## 3-7 മരുന്ന് /ഉപകരണങ്ങൾ വാങ്ങൽ - ലഭ്യമായതിന്റെ രേഖകൾ ഇല്ല.

1.പദ്ധതി നമ്പർ – 113/19

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ – സിഎച്ച്സി, എലിഞ്ഞിപ്ര

ബിൽ നമ്പർ – 21/23.1.2019 – 240000/-

ബിൽ നമ്പർ – 23/5.2.2019 – 72192/-

മരുന്ന് വാങ്ങലിനായി മേൽ പ്രകാരം 312192/-രൂ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്

കൈമാറി. മരുന്ന് ലഭ്യമായതിന്റെ രേഖകൾ ഫയലിൽ ഉല്ല. (ഓഡിറ്റ് എൻക്വയരി നമ്പർ – 12/28.6.2019)

2.പദ്ധതി നമ്പർ – 114/19

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ – സിഎച്ച്സി

ബിൽ നമ്പർ – 3/13.3.2019 – 61354/-

വിവിധ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കൈമാറി. ഉപകരണങ്ങൾ ലഭ്യമായതിന്റെ രേഖകൾ ഫയലിൽ ഇല്ല.

3.പദ്ധതി നമ്പർ – 105/19

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ – സിഎച്ച്സി

ബിൽ നമ്പർ – 14/20.12.2018 – 150000/-

ബിൽ നമ്പർ – 27/13.3.2019 – 100000/-

മരുന്ന് വാങ്ങലിനായി മേൽ പ്രകാരം 150000/-രൂ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കൈമാറി. മരുന്ന് ലഭ്യമായതിന്റെ രേഖകൾ ഫയലിൽ ഇല്ല.

ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടി പ്രകാരം മരുന്ന് /ഉപകരണങ്ങൾ ലഭ്യമായിട്ടില്ല. മരുന്ന് /ഉപകരണങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്ന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-8 കൊരട്ടി തിരുമുടിക്കുന്ന് വനിത ഉൽപ്പന്ന വിതരണ സംഭരണ കേന്ദ്രത്തിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ - ഫർണ്ണീച്ചർ ഉപയോഗയോഗ്യമാക്കിയിട്ടില്ല.

പദ്ധതി നമ്പർ – 172/19

നിർവ്വഹണ ഉദ്യോഗസ്ഥൻ – ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി

ബിൽ നമ്പർ – 72/29.3.2019 – 127500/-രൂ

ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി കൊരട്ടി തിരുമുടിക്കുന്ന് വനിത ഉൽപ്പന്ന വിതരണ സംഭരണ കേന്ദ്രത്തിലേക്ക് ARTCO യിൽ നിന്ന് ഫർണ്ണീച്ചർ വാങ്ങി നൽകിയിട്ടുണ്ട്. 26.6.2019 ന് നടത്തിയ പ്രാദേശിക പരിശോധനയിൽ ഫർണ്ണീച്ചറുകൾ താഴത്തെ നിലയിലെ ഒരു മുറിയിൽ കൂട്ടിയിട്ടിരിക്കുന്നതായി കണ്ടു. മുകൾ നിലയിലെ പണിതു കൊണ്ടിരിക്കുന്ന മുറികളിലേക്കാണ് ഫർണ്ണീച്ചറുകൾ വാങ്ങിയത് എന്നാണ് ഉദ്യോഗസ്ഥർ അറിയിച്ചത്. ഫർണ്ണീച്ചറുകൾ പരിശോധിച്ചതിൽ മേശയുടെ മുകൾ ഭാഗം (നോവാപാൻ ബോർഡ്) വളഞ്ഞതായി കണ്ടു. ഫർണ്ണീച്ചറുകൾ ഉപയോഗപ്പെടുത്തുന്നതിനായി അടിയന്തിര നടപടി സ്വീകരിക്കേണ്ടതും ARTCO യുമായി ബന്ധപ്പെട്ട് നിലവാരം കുറഞ്ഞ ഫർണ്ണീച്ചറുകൾ മാറ്റി വാങ്ങുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-9 സി എച്ച്സി യിലേക്ക് കമ്പ്യൂട്ടറുകൾ വാങ്ങൽ - ടെണ്ടർ നടപടി ക്രമം പാലിച്ചിട്ടില്ല.

പദ്ധതി നമ്പർ – 114/19

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ – സിഎച്ച്സി

ബിൽ നമ്പർ – 24/5.2.2019 – 203472/-രൂ.

മേൽ പദ്ധതി പ്രകാരം സിഎച്ച്സിയിലേക്ക് 3 കമ്പ്യൂട്ടറുകൾ വാങ്ങിയിട്ടുണ്ട് (നോവ കംമ്പ്യൂട്ടേഴ്സ് ചാലക്കുടി, ഇൻവോയ്സ് നമ്പർ – NC/chdt/3679/20.12.2018). ആയതിന് 121440/-രൂ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ജി.ഒ.(പി) നം.259/2010/തസ്വഭവ തീയതി.8.11.2010 ഉത്തരവിന് വിരുദ്ധമായി ക്വട്ടേഷൻ ക്ഷണിച്ചാണ് കമ്പ്യൂട്ടറുകൾ വാങ്ങിയിരിക്കുന്നത്. മേൽ ഉത്തരവ് പ്രകാരം 1 ലക്ഷത്തിന് മേലുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെൻഡർ ക്ഷണിക്കേണ്ടതാണ്. ഭാവിയിൽ വാങ്ങലുകൾ നടത്തുമ്പോൾ ഉത്തരവുകൾ പാലിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-10 ലൈഫ് മിഷന് വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

പദ്ധതി നമ്പർ – 162/19

നിർവ്വഹണ ഉദ്യോഗസ്ഥൻ – ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി

ബിൽ നമ്പർ - 51/5.2.2019-100000/-

58/21.3.2019 – 800000/-

43/6.12.2018 – 200000/-

മേൽ പദ്ധതി പ്രകാരം താഴെ പറയുന്ന പഞ്ചായത്തുകൾക്ക് ലൈഫ് മിഷൻ പദ്ധതിക്കായി വിഹിതം കൈമാറിയിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ചെലവ് തുക 1100000രൂപ തടസ്സപ്പെടുത്തുന്നു.

| പഞ്ചായത്തിന്റെ പേര് | കൈമാറിയ തുക |
|---|---|
| കാടുകുറ്റി | 400000/- |
| മേലൂർ | 600000/- |
| കോടശ്ശേരി | 100000/- |
| ആകെ | 1100000/- |

2.പദ്ധതി നമ്പർ – 166/19 ജനറൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ – ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി

ബിൽ നമ്പർ – 50/5.2.2019-100000/-

44/26.12.2018-310000/-

| പഞ്ചായത്തിന്റെ പേര് | കൈമാറിയ തുക |
|---|---|
| കാടുകുറ്റി | 100000/- |
| മേലൂർ | 100000/- |
| കോടശ്ശേരി | 110000/- |
| പരിയാരം | 100000/- |
| ആകെ | 410000/- |

വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-11 ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

1.പി.എം.എ.വൈ (എസ് സി)സ്പിൽ ഓവർ – ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

പദ്ധതി നമ്പർ – 136/19

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

അടങ്കൽ - 360000/- ചെലവ് – 360000/

താഴെ പറയുന്ന ഗുണഭോക്താക്കൾ ഏതാനും ഗഡു തുക കൈപ്പറ്റിയ ശേഷം ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

ഗുണഭോക്തൃ വിഹിതം – 400000/-

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|
| രാജി വിനോദ്, മാളക്കാരൻ, കുറ്റിച്ചിറ | 376000 |
| സുഗതകുമാർ, പീഠക്കേരി വീട്, കണ്ണംകുഴി | 280000 |
| കാളിയമ്മ സുബ്രൻ, മാരേക്കാടൻ,കാഞ്ഞിരപ്പിള്ളി, പരിയാരം | 264000 |
| കൃഷ്ണൻ.ഇ.എ, ഇളയച്ചൻ, കെ.കുന്ന്, മേലൂർ | 48000 |
| രേഖ വിനയൻ, വാതേക്കാടൻ, കാടുകുറ്റി | 306000 |

2.ലൈഫ് എസ് സി -ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

പദ്ധതി നമ്പർ – 120/19

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

അടങ്കൽ - 365425/-, ചെലവ് – 365425/

ലൈഫ് എസ് സി – ഭവന നിർമ്മാണത്തിൽ 2017-18ൽ കരാർ വച്ച് പണി ആരംഭിച്ച സീമ ബിജു, പെർളിവീട്, കോടശ്ശേരി എന്ന ഗുണഭോക്താവ് 174000രൂ കൈപ്പറ്റിയ ശേഷം നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ടിയാൾക്ക് നൽകേണ്ട ആകെ വിഹിതം 306666 രൂ ആണ്.

ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്.

## 3-12 പട്ടികജാതി വികസന ഓഫീസർ - എസ് സി വിദ്യാർത്ഥികൾക്ക് പഠന മുറി -പണി പൂർത്തീകരിച്ചിട്ടില്ല.

പദ്ധതി നമ്പർ – 58/19

നിർവ്വഹണ ഉദ്യോഗസ്ഥൻ – പട്ടികജാതി വികസന ഓഫീസർ

| ബിൽ നമ്പർ | തുക |
|---|---|
| 3/15.11.2018 | 90000 |
| 5/28.11.2018 | 120000 |
| 7/7.12.2018 | 150000 |
| 11/20.12.2018 | 240000 |
| 12/29.12.2018 | 290000 |
| 14/17.1.2019 | 220000 |

| | |
|---|---|
| 15/23.1.2019 | 90000 |
| 16/19.3.2019 | 300000 |
| 17/19.3.2019 | 250000 |
| 18/19.2.2019 | 150000 |
| 19/29.3.2019 | 200000 |
| 20/29.3.2019 | 190000 |
| 21/27.3.2019 | 30000 |
| 22/27.3.2019 | 80000 |
| ആകെ | 2400000/-രൂ |

മേൽ പദ്ധതി പ്രകാരം എസ് സി വിദ്യാർത്ഥികൾക്ക് പഠന മുറി എന്ന പദ്ധതിക്കായി കരാർ വച്ച് പണി ആരംഭിക്കുകയും ഏതാനും ഗഡു തുകകൾ കൈപ്പറ്റുകയും ചെയ്ത ശേഷം താഴെ പറയുന്ന ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

ഗുണഭോക്തൃ വിഹിതം – 200000/-രൂ

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1. | ആകർഷ് .ടി.ടി, തങ്കപ്പൻ.ടി.എ), തച്ചനാടൻ, കുറ്റിച്ചിറ | 170000 |
| 2. | ശിവരാജൻ, കാരക്കപ്പറമ്പിൽ, വെറ്റിലപ്പാറ | 170000 |
| 3. | സിദ്ധാർത്ഥൻ.കെ.സി, കാഞ്ഞിരത്തിങ്കൽ, വെറ്റിലപ്പാറ | 170000 |
| 4. | സുമി ഷിബു, കൊളത്താപ്പിള്ളി, അന്നനാട് | 170000 |
| 5. | ഷൈലജ, പാലത്തിങ്കൽ, തുണ്ടുകാട് | 170000 |
| 6. | വിനോദിനി ഉണ്ണികൃഷ്ണൻ, പെരുംപടത്തി, മുരിങ്ങൂർ | 90000 |
| 7. | ഉണ്ണികൃഷ്ണൻ, അടുപ്പറമ്പിൽ, മണലായ | 170000 |
| 8. | മണി .എം.വി | 90000 |
| 9. | രാധാകൃഷ്ണൻ.കെ.സി | 170000 |
| 10. | ധമനൻ.കെ.എസ്, കുരീപ്പറമ്പിൽ, കുറ്റിക്കാട് | 170000 |
| 11. | ദാമോദരൻ, ചെങ്ങനാടൻ, നാലുകെട്ട് | 170000 |
| 12. | ഗോപാലൻ.കെ.എം, കുരിയാംപറമ്പത്ത്, കാതിക്കുടം | 30000 |

| | | |
|---|---|---|
| 13 | സുനിത അശോകൻ, പുലിക്കുന്നത്ത്, കുന്നപ്പിള്ളി | 30000 |
| 14. | വത്സ, വാരിയത്ത്, നായരങ്ങാടി | 30000 |

പറനമുറി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്.

## 3-13 ബ്ളോക്ക് തല സമഗ്ര അജൈവമാലിന്യസംസ്കരണ പദ്ധതി - കൊരട്ടി പഞ്ചായത്തുമായി കരാർ വയ്ക്കേണ്ടതാണ്.

സെക്രട്ടറി നിർവഹണോദ്യഗസ്ഥനായ പദ്ധതി നം.94/19, ബ്ളോക്ക് തല സമഗ്രഅജൈവമാലിന്യസംസ്കരണ പദ്ധതി എന്നതിൽ, ബ്ളോക്ക് തലത്തിലെ 6 ഗ്രാമപഞ്ചായത്തുകളിലെ സമഗ്ര അജൈവമാലിന്യസംസ്കരണത്തിനായി, സംഭരണകേന്ദ്രവും, പ്ളാസ്റ്റിക് ഷ്രെഡിംഗ് ആന്റ് ക്രഷിംഗ് പ്ളാന്റും നിർമിച്ച് പ്രവർത്തിപ്പിക്കുന്നതിന് വേണ്ടി ക്ളീൻ കേരള കമ്പനിയുമായി സഹകരിച്ച്, വാഷിംഗ് യൂണിറ്റ് കൊരട്ടി ജെ.ടി.എസ്. ജംഗ്ഷനിൽ സ്ഥാപിക്കുന്നതിനായി കൊരട്ടി പഞ്ചായത്തിന് വിഹിതം കൈമാറുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

ഈ പദ്ധതിയ്ക്കായി ബിൽ നം.-26/18-19,30.10.18 പ്രകാരം, 13,06,800/രൂപാ കൊരട്ടി ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. ബ്ളോക്ക് പഞ്ചായത്തിൽ ഉൾപ്പെടുന്ന മറ്റ് പഞ്ചായത്തുകൾക്ക് കൂടി ഉപയോഗിക്കാവുന്ന രീതിയിൽ ബ്ളോക്ക് വിഭാവനം ചെയ്ത ഈ പദ്ധതിയിൽ, പദ്ധതി വിഹിതം കൈമാറിയപ്പോൾ, ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി, കൊരട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുമായി, പദ്ധതി ലക്ഷ്യം വ്യക്തമാക്കിക്കൊണ്ട് കരാർ വയ്ക്കേണ്ടതായിരുന്നു. പദ്ധതി പ്രദേശത്ത് ഓഡിറ്റ് ടീം നടത്തിയ പരിശോധനയിൽ , കെട്ടിടം പണി മാത്രം ഭാഗികമായി പൂർത്തിയാക്കിയതായി കാണുന്നു. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് കരാർ വയ്ക്കേണ്ടതും, പദ്ധതി എത്രയും പെട്ടെന്ന് പൂർത്തിയാക്കി വിനിയോഗസാക്ഷ്യ പത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്. അതുവരെ ചെലവ് തുക, 13,06,800/ രൂപാ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-14 പാറയം എസ് സി ഇൻഫർമേഷൻ സെന്റർ പ്രവർത്തനസജ്ജമാക്കേണ്ടതാണ്.

സെക്രട്ടറി നിർവഹണോദ്യഗസ്ഥനായ പദ്ധതി നം.110/19, കാടുകുറ്റി പഞ്ചായത്തിലെ, പാറയം എസ് സി ഇൻഫർമേഷൻ സെന്ററിലേക്ക് ഉപകരണങ്ങൾ വാങ്ങൽ എന്നതിൽ, JRS Systems എന്ന സ്ഥാപനത്തിൽ നിന്നും,ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ മൂന്ന് എണ്ണം,യു പി എസ്, പ്രിന്റർ, പ്രൊജക്ടർ, സ്ക്രീൻ, സ്പീക്കർ എന്നിവ വാങ്ങിയിട്ടുണ്ട്. (ബിൽ നം.56/18-19,22.2.18,1,70,200/) കൂടാതെ ആർട്കോയിൽ നിന്നും കമ്പ്യൂട്ടർ ടേബിൾ, കമ്പ്യൂട്ടർ ചെയർ, സ്റ്റീൽ ടേബിൾ, പ്ളാസ്റ്റിക് ചെയർ എന്നിവ വാങ്ങിയിട്ടുണ്ട്. (ബിൽ നം.61/18-19,19.3.19,11,06,896/)

ഇൻഫർമേഷൻ സെന്ററിൽ ഓഡിറ്റ് ടീം നേരിട്ട് നടത്തിയ പരിശോധനയിൽ, സെന്റർ കാടുപിടിച്ച് കിടക്കുന്നതായും, വാങ്ങിയ ഉപകരണങ്ങൾ ഉപയോഗിക്കാത്തതായും കണ്ടെത്തി. കൂടാതെ ഇൻഫർമേഷൻ സെന്ററിൽ വൈദ്യുതി കണക്ഷനും ഇല്ല. എസ് സി ഇൻഫർമേഷൻ സെന്റർ പൂർണമായും പ്രവർത്തന സജ്ജമാക്കേണ്ടതും, ഉപകരണങ്ങൾ ഉപയോഗയോഗ്യമാക്കേണ്ടതുമാണ്.

## 3-15 സംയുക്ത പദ്ധതി വിഹിതം ബാലൻസ് തുക തിരിച്ചടക്കേണ്ടതാണ്.

സിഡിപിഒ നിർവഹണോദ്യഗസ്ഥയായ താഴെ പറയുന്ന പദ്ധതികൾക്കായി പഞ്ചായത്ത് കൈമാറിയ തുകയിൽ വിനിയോഗസാക്ഷ്യപത്രം പ്രകാരം ചെലവായ തുകകൾ കഴിച്ച് ബാലൻസ് തുകകൾ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതി നം/പേര് | പഞ്ചായത്ത് | കൈമാറിയ | ബിൽ | ഉപയോഗിച്ച | ബാക്കി |
|---|---|---|---|---|---|

| | | തുക | നം/തിയതി | തുക | തുക |
|---|---|---|---|---|---|
| 59/19, മാനസികശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | അതിരപ്പിള്ളി | 1,00,000/ | 4/18-19,13.12.18 | 31,400/ | 68600/ |
| “” | കാടുകുറ്റി | 2,50,000/ | “” | 2,49,850/ | 150/ |
| 111/19 ശാരീരികമാനസിക വെല്ലുവിളിനേരിടുന്നവർക്കുള്ള ഉപകരണവിതരണം | പരിയാരം | 2,50,000/ | 1/18-19,13.12.18 | 2,47,229/ | 2771/ |

## 3-16 നാപ്കിൻ ഇൻസിനറേറ്ററുകൾ: ഉടൻ സ്ഥാപിച്ച് പ്രവർത്തനസജ്ജമാക്കേണ്ടതാണ്.

സിഡിപിഒ നിർവഹണോദ്യഗസ്ഥയായ പ്രബല – വനിത ജനകീയജാഗ്രതാ സമിതി എന്ന പദ്ധതിയിൽ, പൊതു ഇടങ്ങൾ സ്ത്രീസൗഹൃദമാക്കുന്നതിന് മുന്നോടിയായി ബ്ളോക്ക് ഓഫീസ് കെട്ടിടത്തോടനുബന്ധിച്ച് വനിതാസൗഹൃദ ശുചിമുറികൾ സ്ഥാപിക്കുന്നതിനും, 2 നാപ്കിൻ ഇൻസിനറേറ്ററുകൾ പൊതുമേഖലാ സ്ഥാപനമായ Hi life careൽ നിന്നും നേരിട്ട് വാങ്ങുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

ഇതനുസരിച്ച്, Hi life careന്റെ കേരളത്തിലെ വിതരണക്കാരായ, യംഗ് എന്ററർപ്രൈസസ്, പാണ്ടിക്കാട്, മലപ്പുറം, അവരുടെ ഇൻവോയ്സ് നം.3395,14.3.19 പ്രകാരം 2 നാപ്കിൻ ഇൻസിനറേറ്ററുകൾ, 64,876/ രൂപയ്ക്ക് സപ്ളൈ ചെയ്യുകയും, ബിൽ നം.12/18-19, 16.3.19 പ്രകാരം അവർക്ക് തുക നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബ്ളോക്ക് കെട്ടിടത്തിൽ ശുചിമുറികളുടെ പണി പൂർത്തിയാകാത്തതിനാൽ ഇൻസിനറേറ്ററുകൾ നാളിതുവരെ സ്ഥാപിച്ചിട്ടില്ല. ശുചിമുറികളുടെ പണി ഉടൻ പൂർത്തിയാക്കി ഇൻസിനറേറ്ററുകൾ സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-17 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുക വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

സെക്രട്ടറി നിർവഹണോദ്യഗസ്ഥനായ താഴെ പറയുന്ന പദ്ധതികൾക്കായി കേരളാവാട്ടർ അതോറിറ്റിയ്ക്ക് തുക കൈമാറിയിട്ടുണ്ട്. കുടിവെള്ള പദ്ധതി പൂർത്തിയാക്കിയെങ്കിലും വാട്ടർ അതോറിറ്റി വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതി നം | പേര് | കൈമാറിയ തുക | ബിൽ നം/ തിയതി |
|---|---|---|---|
| 119/19 | കുരിയാംപറമ്പ് കോളനി കുടിവെള്ള പദ്ധതി | 5,00,000/ | 13/18-19,10.7.18 |
| 96/19 | ചായ്പൻകുഴി കുടിവെള്ള പദ്ധതി | 7,00,000/ | 20/18-19,28.7.18 |

വിനിയോഗസാക്ഷ്യ പത്രം ഹാജരാക്കുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-18 അഗതിരഹിത കേരളം - ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം കൈമാറൽ - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

സെക്രട്ടറി നിർവഹണോദ്യഗസ്ഥനായ പദ്ധതി നം.89/19 – അഗതിരഹിത കേരളം ഗ്രാമപഞ്ചായത്തുകൾക്ക് തുക കൈമാറൽ എന്ന പദ്ധതിയിൽ പഞ്ചായത്തുകൾക്ക് താഴെ പറയും പ്രകാരം തുക കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതി പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| പഞ്ചായത്ത് | കൈമാറിയ തുക | ബിൽ നം/തിയതി |
|---|---|---|
| അതിരപ്പിള്ളി | 1,00,000/ | 23/18-19,26.9.18 |
| മേലൂർ | "" | 25/18-19,15.1018 |
| കൊരട്ടി | "" | "" |
| കോടശ്ശേരി | "" | 27/18-19,26.10.18 |
| പരിയാരം | """ | 16/18-19,18.7.18 |
| കാടുകുറ്റി | "" | "" |

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ ചെലവ് തുക (600000) തടസ്സപ്പെടുത്തുന്നു.

## 3-19 ഉറവ് - ബ്ളോക്ക് തല സമഗ്രനീർത്തടവികസന മാസ്റ്റർ പ്ളാൻ - കരാർകാലാവധി കഴിഞ്ഞിട്ടും പ്ളാൻ തയ്യാറാക്കി നൽകിയില്ല

കില – സി എച്ച് ആർ ഡി കൊട്ടാരക്കര മുഖേന, ചാലക്കുടി ബ്ളോക്ക് പഞ്ചായത്തിൽ, ബ്ളോക്ക് തലത്തിൽ മണ്ണ്, ജൈവസംരക്ഷണപ്രവർത്തനങ്ങൾ, ജലനിലവാരഗുണനിലവാര പഠനം, ജിയോമാപ്പിംഗ്, നീർത്തട ജലലഭ്യതാ പഠനം, പാരിസ്ഥിതികാപചയപഠനം, മണ്ണ് ഗുണപരിശോധന, ഗാർഹികസർവേ വിവരശേഖരണവുംഉൾപ്പടെ ഡിജിറ്റൽ ബ്ളോക്ക് തല സമഗ്ര നീർത്തട മാസ്റ്റർ പ്ളാൻ തയ്യാറാക്കുന്നതിന്, ഗ്രാമപഞ്ചായത്തുകളുടെ, ഒന്നര ലക്ഷം രൂപാ വിഹിതമടക്കം, പതിമൂന്നര ലക്ഷം വകയിരുത്തുന്നു. പദ്ധതി ബ്ളോക്ക് പഞ്ചായത്ത് നടപ്പാക്കുന്നു.

ഇതുമായി ബന്ധപ്പെട്ട് കില – സി എച്ച് ആർ ഡി തയ്യാറാക്കിയ, ബഡ്ജറ്റ്, പദ്ധതി നിർദ്ദേശങ്ങൾ എന്നിവ ബ്ളോക്ക് പഞ്ചായത്ത് കമ്മിറ്റി 27.6.18ലെ 5(1)-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിക്കുകയും, സി എച്ച് ആർ ഡി കൊട്ടാരക്കര മുഖേന നടപ്പാക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. കില തയ്യാറാക്കിയ നിർദ്ദേശങ്ങളിൽ, ബ്ളോക്ക് പഞ്ചായത്തിലെ ആറ് പഞ്ചായത്തുകളിലും, മാസ്റ്റർ പ്ളാൻ തയ്യാറാക്കുന്നതിന് മുന്നോടിയായി ശിൽപശാലകൾ നടത്തേണ്ടതാണെന്നും, ആയതിന്റെ ചെലവുകൾ അതാത് പഞ്ചായത്തുകൾ തന്നെ വഹിക്കേണ്ടതാണെന്നും വ്യക്തമാക്കുന്നുണ്ട്. ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറിയും, സിഎച്ച് ആർഡി കിലയുമായുള്ള26/10/18ലെ MOU പ്രകാരം, അഡ്വാൻസ് തുക നൽകി ആറ് മാസത്തിനുള്ളിൽ മാസ്റ്റർ പ്ളാൻ തയ്യാറാക്കി നൽകാമെന്ന് പറയുന്നുണ്ട്. ആയത് പ്രകാരം 4,50,000/രൂപാ ബിൽ നം.41/18-19,27.11.18ന് കിലയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ അഡ്വാൻസ് തുക നൽകി ആറ് മാസം കഴിഞ്ഞിട്ടും, പ്ളാൻ തയ്യാറാക്കി നൽകുകയോ, നിർദ്ദേശങ്ങളിൽ പറഞ്ഞപ്രകാരമുള്ള ശിൽപശാലകൾ നടത്തുകയോ ചെയ്തതായി കാണുന്നില്ല.

നീർത്തട മാസ്റ്റർ പ്ളാൻ തയ്യാറാക്കി വാങ്ങുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 3-20 ആർട്കോ വാങ്ങൽ സംബന്ധിച്ച് സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

സെക്രട്ടറി നിർവഹണോദ്യഗസ്ഥനായ, ഐ എസ് ഒ സർട്ടിഫിക്കേഷൻ, പാറയം എസ് സി ഇൻഫർമേഷൻ സെന്ററിലേക്ക് ഉപകരണങ്ങൾ വാങ്ങൽ എന്നീ പദ്ധതികളിൽ, ആർട്കോയിൽ നിന്നും ടെലിവിഷൻ, വാട്ടർ ഡിസ്പെൻസർ എന്നിവ വാങ്ങിയതായി കാണുന്നു. സർക്കാർ ഉത്തരവ് ജി ഒ (പി) നം4/2018, 2/2/2018 പ്രകാരം ആർട്കോയിൽ നിന്നും, സ്റ്റീൽ ഫർണിച്ചർ, വുഡൺ ഫർണീച്ചർ, ഹോസ്പിറ്റൽ ഫർണിച്ചർ, കമ്പ്യൂട്ടർ ഫർണിച്ചർ എന്നിവ മാത്രമാണ് വാങ്ങാവുന്നത്.

വാങ്ങലുകൾ സംബന്ധിച്ച് സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

കൂടാതെ സെക്രട്ടറി നിർവഹണോദ്യഗസ്ഥനായ പദ്ധതികളിൽ ആർട്കോയിൽ നിന്നും, computer chair with arm revolving manual lifting cushion seat and back എന്ന സ്പെസിഫിക്കേഷനിലുള്ളത് താഴെ പറയും പ്രകാരം വാങ്ങിയിട്ടുണ്ട്.

| പദ്ധതി നം | പേര് | കസേരകളുടെ എണ്ണം |
|---|---|---|
| 110/19 | എസ് സി ഇൻഫർമേഷൻ സെന്റർ പാറയം കാടുകുറ്റി ഉപകരണങ്ങൾ വാങ്ങൽ | 4 |
| 81/19 | ബ്ളോക്ക് പഞ്ചായത്ത് ഗൂഡ്ഗവേണൻസ് ആന്റ് ഐെഎസ്ഒ സർട്ടിഫിക്കേഷൻ | 2 |
| 172/19 | കൊരട്ടി തിരുമുടിക്കുന്ന് വനിതാ ഉൽപന്ന വിതരണസംഭരണകേന്ദ്രത്തിലേക്ക് ഫർണീച്ചർ വാങ്ങൽ | 2 |

എന്നാൽ ഈ കസേരകൾ സ്പെസിഫിക്കേഷൻ പ്രകാരമുള്ള റിവോൾവിംഗ് ചെയർ അല്ല എന്ന് ഓഡിറ്റ് ടീം നടത്തിയ ഭൗതികപരിശോധനയിൽ ബോധ്യപ്പെട്ടിട്ടുള്ളതാണ്. ആയതിനാൽ ആർട്കോയുമായി ബന്ധപ്പെട്ട് സ്പെസിഫിക്കേഷൻ പ്രകാരമുള്ള കസേരകൾ മാറ്റി വാങ്ങാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-21 ലൈഫ് മിഷൻ-പിഎംഎവൈ വീടുകൾ -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

സെക്രട്ടറി നിർവഹണോദ്യഗസ്ഥനായ ഈ പദ്ധതിയ്ക്കായി താഴെ പറയും പ്രകാരം പഞ്ചായത്തുകൾക്ക് തുക കൈമാറിയിട്ടുണ്ട്. എന്നാൽ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| പദ്ധതി നം | പേര് | പഞ്ചായത്ത് | കൈമാറിയ തുക | ബിൽ നം/തിയതി |
|---|---|---|---|---|
| 99/19 | ലൈഫ് മിഷൻ പി എംഎവൈ വീടുകൾ(ജനറൽ) | കാടുകുറ്റി | 1000000/ | 19/18-19, 20/7/18 |
| 99/19 | ലൈഫ് മിഷൻ പി എംഎവൈ വീടുകൾ(ജനറൽ) | കാടുകുറ്റി | 535750/ | 32/18-19, 29.10.18 |
| 99/19 | ലൈഫ് മിഷൻ പി എംഎവൈ വീടുകൾ(ജനറൽ) | കൊരട്ടി | 1000000/ | 19/18-19, 20/7/18 |
| 100/19 | ലൈഫ് മിഷൻ പിഎംഎവൈ വീടുകൾ (എസ് സിപി) | കൊരട്ടി | 300000/ | 18/18-19, 20/7/18 |
| 100/19 | ലൈഫ് മിഷൻ പിഎംഎവൈ വീടുകൾ (എസ് | കാടുകുറ്റി | 300000/ | 18/18-19, 20/7/18 |

| | | | | |
|---|---|---|---|---|
| | സിപി) | | | |
| 100/19 | ലൈഫ് മിഷൻ പിഎംഎവൈ വീടുകൾ (എസ് സിപി) | കോടശ്ശേരി | 300000/ | 18/18-19, 20/7/18 |
| 100/19 | ലൈഫ് മിഷൻ പിഎംഎവൈ വീടുകൾ (എസ് സിപി) | മേലൂർ | 300000/ | 18/18-19, 20/7/18 |
| 100/19 | ലൈഫ് മിഷൻ പിഎംഎവൈ വീടുകൾ (എസ് സിപി) | പരിയാരം | 300000/ | 18/18-19, 20/7/18 |
| 100/19 | ലൈഫ് മിഷൻ പിഎംഎവൈ വീടുകൾ (എസ് സിപി) | അതിരപ്പിള്ളി | 300000/ | 18/18-19, 20/7/18 |
| 100/19 | ലൈഫ് മിഷൻ പിഎംഎവൈ വീടുകൾ (എസ് സിപി) | കാടുകുറ്റി | 166140/ | 31/18-19, 29.10.18 |
| 100/19 | ലൈഫ് മിഷൻ പിഎംഎവൈ വീടുകൾ (എസ് സിപി) | കോടശ്ശേരി | 166140/ | 31/18-19, 29.10.18 |
| 100/19 | ലൈഫ് മിഷൻ പിഎംഎവൈ വീടുകൾ (എസ് സിപി) | മേലൂർ | 166140/ | 31/18-19, 29.10.18 |
| 100/19 | ലൈഫ് മിഷൻ പിഎംഎവൈ വീടുകൾ (എസ് സിപി) | പരിയാരം | 166140/ | 31/18-19, 29.10.18 |

വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-22 അസംസ്കൃത വസ്തുക്കൾ വാങ്ങിയതിന്റെ ബില്ലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

പ്രൊജക്ട് നം.soo 88/18-19

പേര്:സംസ്കൃതി-പരംമ്പരാഗത കൈത്തോഴിലുകളുടെ പ്രോത്സാഹനം-വനിത

മൊത്തം അടങ്കൽ:500000/-

ബിൽ നം:1/18-19 200000

ബിൽ നം:2/18-19 200000

ബിൽ നം:3/18-19 100000

സംസ്കൃതി – പരംമ്പരാഗത കൈത്തോഴിലുകളുടെ പ്രോത്സാഹനം – വനിത എന്ന പദ്ധതിയിൽ 10

ഗ്രൂപ്പുകളെ തെരെഞ്ഞെടുത്ത് ഓരോ ഗ്രൂപ്പിനും 50,000/- നിരക്കിൽ അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനായി നൽകിയിട്ടുണ്ട്. എന്നാൽ അസംസ്കൃത വസ്തുക്കൾ വാങ്ങിയതിന്റെ ബില്ലുകളൊന്നും തന്നെ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (7/26.06.2019) നൽകി, ബില്ലുകൾ എത്രയും വേഗം തന്നെ വാങ്ങി ഫയൽ റണ്ണിങ്ങ് ഫയലായി നിലനിർത്താമെന്നാണ് മറുപടി നൽകിയത്. ആയതിനാൽ ബില്ലുകൾ വാങ്ങി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

## 3-23 തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിൽ ഉള്ള കെട്ടിടത്തിന് വസ്തു നികുതി അടവാക്കി

ചെക്ക് നമ്പർ -5667053/16.03.2019-2077/-രൂപ

ഏലിഞ്ഞിപ്ര സിഎച്ച്സി കെട്ടിടങ്ങളുടെ (വാർഡ് 20 ലെ കെട്ടിട നമ്പർ – 572 മുതൽ 579 വരെയുള്ള കെട്ടിട നമ്പറുകളാണ് സിഎച്ച്സി യുടെ കെട്ടിടങ്ങൾക്ക് നമ്പർ നൽകിയിരിക്കുന്നത്) 2017-18 വസ്തുനികുതിയാണ് മേൽ ചെക്ക് പ്രകാരം കോടശ്ശേരി പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്.
കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 207 എച്ച് പ്രകാരം ഏതെങ്കിലും തദ്ദേശ ഭരണ സ്ഥാപനത്തിന്റ വക കെട്ടിടങ്ങളും സർക്കാർ തദ്ദേശഭരണ സ്ഥാപനത്തിന് വിട്ടുകൊടുത്ത സ്ഥാപനങ്ങളോട് അനുബന്ധിച്ച കെട്ടിടങ്ങളും വസ്തുനികുതി നൽകുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ആയതിനാൽ അടവാക്കിയ നികുതി തിരികെ ഈടാക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതംനൽകിയസ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെപേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കോടശ്ശേരി ഗ്രാമപഞ്ചായത്ത് | 2018-19 | 100000 | PMAY(G) General | | |
| കാടുകുറ്റി ഗ്രാമപഞ്ചായത്ത് | | 95000 | PMAY(G) General | | |
| പരിയാരം ഗ്രാമപഞ്ചായത്ത് | | 50000 | PMAY(G) General | | |
| പരിയാരം ഗ്രാമപഞ്ചായത്ത് | | 100000 | PMAY(G) SC | | |
| അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് | | 1200000 | Aroormuzhy L I Pipeline extension | | 1200000 |
| മേലൂർഗ്രാമപഞ്ചായത്ത് | | 200000 | ഉറവ് നീർത്തട മാസ്റ്റർ പ്ലാൻ | | 200000 |
| കാടുകുറ്റി ഗ്രാമപഞ്ചായത്ത് | | 150000 | ഉറവ് നീർത്തട മാസ്റ്റർ പ്ലാൻ | | 150000 |
| പരിയാരം ഗ്രാമപഞ്ചായത്ത് | | 150000 | ഉറവ് നീർത്തട മാസ്റ്റർ പ്ലാൻ | | 150000 |
| കോടശ്ശേരി ഗ്രാമപഞ്ചായത്ത് | | 150000 | ഉറവ് നീർത്തട മാസ്റ്റർ പ്ലാൻ | | 150000 |
| കൊരട്ടി ഗ്രാമപഞ്ചായത്ത് | | 150000 | ഉറവ് നീർത്തട മാസ്റ്റർ പ്ലാൻ | | 150000 |
| അതിരപ്പിള്ളി | | 150000 | ഉറവ് നീർത്തട | | 150000 |

| | | | | | |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | | | മാസ്റ്റർ പ്ലാൻ | | |
| അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് | | 700000 | ലൈഫ് മിഷൻ | | |
| അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് | | 1025798 | ലൈഫ് മിഷൻ | | |
| കോടശ്ശേരി ഗ്രാമപഞ്ചായത്ത് | | 146833 | ലൈഫ് മിഷൻ | | |
| പ്രോജക്ട് ഡയറക്ടർ, പി.എ.യു.തൃശ്ശൂർ | | 8888000 | ലൈഫ് മിഷൻ | | |
| ജില്ലാ പഞ്ചായത്ത് തൃശ്ശൂർ | | 375898 | ലൈഫ് മിഷൻ | | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർനം. / ചെക്ക്നം | മുൻകൂർനൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | | | 500000 | 0 | 500000 |
| ” | | | 700000 | 0 | 700000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്-

ഇല്ല

## 4-5 സ്ഥിര നിക്ഷേപങ്ങൾ സംബന്ധിച്ച്-

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ലഭ്യമാക്കിയില്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 93564557.38 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 79399681 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 66,11,355 |

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 44,555 | ശ്രീ. ഉണ്ണി.പി.ടി (സെക്രട്ടറി ഇൻ ചാർജ്) |
| 3-2 | 19,50,000 | ശ്രീ.ഷാജൂ.യു.വി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-10 | 200000/- | ശ്രീ.അരുൺരാജ്.പി.എൻ. |
| | 800000/- | ശ്രീ. ഉണ്ണി.പി.ടി (സെക്രട്ടറി ഇൻ ചാർജ്) |
| | 200000/- | ശ്രീ. നിഫി.എസ്.ഹക്ക്, സെക്രട്ടറി |
| | 310000/- | ശ്രീ. നിഫി.എസ്.ഹക്ക്, സെക്രട്ടറി |
| 3-13 | 13,06,800 | ശ്രീ. നിഫി.എസ്.ഹക്ക്, സെക്രട്ടറി |
| 3-17 | 5,00,000 | ശ്രീ. ഉണ്ണി.പി.ടി (സെക്രട്ടറി ഇൻ ചാർജ്) |
| | 7,00,000 | |
| 3-18 | 1,00,000 | ശ്രീ. നിഫി.എസ്.ഹക്ക്, സെക്രട്ടറി |
| | 2,00,000 | |
| | 1,00,000 | |
| | 2,00,000 | ശ്രീ. ഉണ്ണി.പി.ടി (സെക്രട്ടറി ഇൻ ചാർജ്) |
| ആകെ | 6611355 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 95-96, 96-97, 97-98, 98-99 | എൽ.എഫ്.എ.ടി.7-375/99 തി.3/11 /2000/7/4/01 | |
| 99-2000 | എൽ.എഫ്.എ.ടി.14-211/2000 തി.06/06/2002 | |

| | | |
|---|---|---|
| 2000-01 | എൽ.എഫ്.എ.ടി.14-501/2004 തി.28/10 /2004/5/1/2005 | |
| 2001-2002 | എൽ.എഫ്.എ.ടി.14-504/2004 തി.28/10 /2004/11/05/2005 | |
| 2002-2003 | എൽ.എഫ്.എ.ടി.14-454/2006 തി.19/06 /2006/03/01/2007 | |
| 2003-2004 | എൽ.എഫ്.എ.ടി.14-453/2006 തി.20/06 /2006/03/01/2007 | |
| 2004-2005 | എൽ.എഫ്.എ.ടി.14-2152/2007 തി.21/02/2007 | |
| 2005-2006 | എൽ.എഫ്.എ.ടി.21-2367/2007 തി.21/02 /2009/5/5/2009 | |
| 2006-2007 | എൽ.എഫ്.എ.ടി.(ബി.പി.)-882/11 തി.01/12/2011 | |
| 2007-2008 | എൽ.എഫ്.എ.ടി.(ബി.പി.)-883/11 തി.01/12/2011 | |
| 2008-2009 | എൽ.എഫ്.എ.ടി.(ബി.പി.)-884/11 തി.01/12/2011 | |
| 2009-2010 | എൽ.എഫ്.എ.ടി.(ബി.പി.)-885/11 തി.01/12/2011/31/0312 | |
| 2010-2011 | എൽ.എഫ്.എ.ടി.(ബി.പി.)-2279/12 തി.4/3/13/15/6/13 | |
| 2011-2012 | എൽ.എഫ്.എ.ടി.(ബി.പി.)-1670/13 തി.02/04/14/11/7/14 | |
| 2012-2013 | എൽ.എഫ്.എ.ടി.(ബി.പി.)-1710/2014 തി.12/01/2015/6/5/2015 | |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ. (ബിപി2)1703/15 തിയ്യതി.01.01.16/03.02.16 | |
| 2014-2015 2015-2016 | കെ.എസ്.എ.ടി.എസ്.ആർ. (ബിപി2)638/17 തിയ്യതി.18.5.2017 | |
| 2016-2017 | കെ.എസ്.എ.ടി.എസ്.ആർ. (ബി.പി.1)1732/2017/തിയ്യതി 4.12.2017/11/1/18 | |
| 2017-18 | നം.കെ.എസ്.എ.ടി.എസ്.ആർ. (ബി.പി.1)1958/18 തീയതി :11.02.2019 | |

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം – വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ജോയിന്റ് ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-2
# ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്<br><br>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്<br>ബാലൻസ് ഷീറ്റ് | സംക്ഷിപ്തം<br>(Audited Abstract) |

ജോയിന്റ് ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്